**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ ഏത് ഏജൻസിക്കാണ് നൽകിയിരുന്നതെന്നും എന്തു തുകയുടെ പ്രവൃത്തിയാണ് അനുവദിച്ച് നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | കുളിമാട് പാലത്തിന്റെ നിർമ്മാണ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 16,77,77,075.91/- രൂപയ്ക്കാണ് നൽകിയിരിക്കുന്നത്. |
| (ബി) | നിർമ്മാണ കരാർ അനുവദിച്ച് നൽകിയത് സർക്കാർ അക്രെഡിറ്റഡ് ഏജൻസിക്കാണോ; ഇപ്രകാരം മറ്റ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർക്കുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിർമ്മാണ കരാർ അനുവദിച്ചു നൽകിയത് ഇ-ടെൻഡർ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ കരാർ വ്യവസ്ഥകൾ അനുസരിച്ചാണ്. Revised PWD Manual 2012- ൽ ഉദ്യോഗസ്ഥർക്ക് നിഷ്കർഷിച്ചിരിക്കുന്ന ചുമതലകൾ ആണ് ഈ പ്രവൃത്തിക്കും ബാധകമായിട്ടുള്ളത്. |
| (സി) | നിർമ്മാണത്തിലിരിക്കുന്ന കുളിമാട് പാലം തകർന്ന് വീണ സാഹചര്യത്തിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും കൃത്യമായി നിർവഹിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് നിർമ്മാണ കരാർ ഏറ്റെടുത്ത കമ്പനിക്കും ചുമതലപ്പെട്ടവർക്കും എതിരെ അന്വേഷണം നടത്താൻ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കുളിമാട് പാലം നിർമ്മാണത്തിനിടെ ബീം താഴെ വീണ സംഭവത്തിൽ പൊതുമരാമത്ത് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അത് പ്രകാരം ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കുളിമാട് പാലം നിർമ്മാണത്തിൽ ഗുരുതരവീഴ്ച വരുത്തിയ നിർമ്മാണ ഏജൻസിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | (സി) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ